## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3692 — 26.06.2012 ൽ മറുപടിയ്ക്ക്

## മോട്ടോർ ഡ്രൈവിംഗ് പരിശീലനത്തിന് പുതിയ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | മോട്ടോർ ഡ്രൈവിംഗ് പരിശീലനത്തിൽ പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 24 അനുസരിച്ച് അനുവദിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ വഴി മേൽപടി ചട്ടങ്ങളിലെ ചട്ടം 31 അനുശാസിക്കുന്ന സിലബസ് പ്രകാരമാണ് ഡ്രൈവിംഗ് സ്കൂളുകൾ പരിശീലനം നൽകുന്നത്. എന്നാൽ ഇപ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ ഉദ്യോഗസ്ഥൻമാർ ഡ്രൈവിംഗ് ടെസ്റ്റിന് മുമ്പ് നേരിട്ട് ഒരു പരിശീലന ക്ലാസ് നൽകുന്നുണ്ട്. ഇത് സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളിലാണ് പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്; | | |
| (സി) | ഇവ സംസ്ഥാനത്ത് ബന്ധപ്പെട്ട മുഴുവൻ കേന്ദ്രങ്ങളിലും നടപ്പിൽ വരുത്തിയിട്ടുണ്ടോ ;<br>വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ